# സാമൂഹ്യശാസ്ത്രം – II

## Guidelines

പത്താംക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ ശ്രവണ പരിമിതികളുള്ള കുട്ടികൾക്ക് വിനിമയം ചെയ്യുമ്പോൾ പാഠപുസ്തകത്തിലെ ആശയങ്ങൾ ഒട്ടും ചോർന്നുപോകാതെ വേണം അനുരൂപീകരണം നടത്താൻ. ഇതിന് പാഠഭാഗങ്ങളിലെ ആശയങ്ങൾ ഒഴിവാക്കാതെ ഇത്തരം കുട്ടികൾക്ക് ആശയ വ്യക്തതയ്ക്ക് അനുയോജ്യമായ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഈ അനുരൂപീകരണം നടത്തിയിട്ടുള്ളത്. അതിന് താഴെ പറയുന്ന പൊതുധാരണകൾ സ്വീകരിക്കേണ്ടതാണ്.

- ആശയവിനിമയത്തിനുള്ള ശേഷി കുട്ടികളിൽ അന്തർലീനമാണ്. ഈ ശേഷി സംസാരഭാഷയായി വികസിപ്പിക്കാൻ സാമൂഹ്യശാസ്ത്രപഠനം പ്രചോദനമാകണം.
- പാഠഭാഗങ്ങൾ വിനിമയം ചെയ്യാൻ പര്യാപ്തമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഏതെന്ന് മുൻകൂട്ടി തീരുമാനിക്കണം.
- ഓരോ പാഠഭാഗവും അവതരിപ്പിക്കുമ്പോൾ അവ സാമൂഹ്യപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക.
- പാഠപുസ്തകത്തിലും ഹാന്റ്ബുക്കിലും നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ പര്യാപ്തമല്ലെങ്കിൽ പകരം പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതാണ്.
- പാഠഭാഗങ്ങൾ വിനിമയം ചെയ്യുമ്പോൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പ്രോജക്ടുകൾ, ഫീൽഡ്ട്രിപ്പുകൾ, ദിനാചരണങ്ങൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.
- ഭൂപടങ്ങൾ. ചരിത്രപഠനത്തിനുള്ള ഉപദാനങ്ങൾ (Sources), സാമ്പത്തികശാസ്ത്രത്തിലെ പട്ടികകൾ, ഗ്രാഫുകൾ, ഭൂമിശാസ്ത്രത്തിലെ ഭൂപടങ്ങൾ, ചിത്രങ്ങൾ ഇവ പരിചയപ്പെടുത്തിന്നതിന് ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തണം. ചാർട്ടുകൾ, മോഡലുകൾ, വീഡിയോ ചിത്രങ്ങൾ ഇവയും ഓരോ ആശയം വ്യക്തമാക്കുന്നതിനും ആവശ്യാനുസരണം ഉപയോഗപ്പെടുത്തണം.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ Multiple choice ചോദ്യങ്ങൾ. പട്ടികകൾ, ഫ്ളോചാർട്ടുകൾ, ചിത്രവിശകലനം എന്നീ തന്ത്രങ്ങളിൽ കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

# SCHEME OF WORK

| മാസം | സാമൂഹ്യശാസ്ത്രം I | സാമൂഹ്യശാസ്ത്രം II |
|---|---|---|
| ജൂൺ | • ആധുനിക ലോകത്തിന്റെ ഉദയം | • അന്തരീക്ഷ പ്രതിഭാസങ്ങൾ<br>• വികസനവും സമൂഹവും |
| ജൂലൈ | • വിപ്ലവങ്ങളുടെ കാലം | • ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ<br>• ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകൾ |
| ആഗസ്റ്റ് | • സാമ്രാജ്യത്വത്തിന്റെ വളർച്ച<br>• ജനാധിപത്യം | • വൻകരകൾ |
| സെപ്റ്റംബർ | • ലോകമഹായുദ്ധവും തുടർച്ചയും | • ഇന്ത്യ-ഭൗതിക ഭൂമിശാസ്ത്രം |
| ഒക്ടോബർ | • രണ്ടാം ലോകയുദ്ധവും സാമ്രാജ്യത്വത്തിന്റെ തകർച്ചയും | • ഇന്ത്യ-ഭൗതിക ഭൂമിശാസ്ത്രം (തുടർച്ച) |
| നവംബർ | • പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ധൈഷണിക പ്രവണതകൾ<br>• ദേശീയോദ്ഗ്രഥനം | • ഇന്ത്യ-സാമ്പത്തികഭൂമിശാസ്ത്രം<br>• പണവും ധനകാര്യസ്ഥാപന ങ്ങളും |
| ഡിസംബർ | • ഇന്നത്തെ ഇന്ത്യ | • ഇന്ത്യ-മാനവിക ഭൂമിശാസ്ത്രം<br>• ആഗോളവൽക്കരണം |
| ജനുവരി | • കേരളപ്പുതുമ<br>• മനുഷ്യാവകാശങ്ങൾ | • സമ്പദ്‌വ്യവസ്ഥയും സർക്കാരും |
| ഫെബ്രുവരി | • സമാധാനവും സുരക്ഷിതത്വവും അന്തർദേശീയ സംഘടനകളിലൂടെ | • ഒരൊറ്റ ഭൂമി |
| മാർച്ച് | • മോഡൽ പരീക്ഷ, പൊതുപരീക്ഷ | |

# പാഠപുസ്തകം തയാറാക്കുന്നതിന് സ്വീകരിച്ച സിലബസ്സ് ഗ്രിഡ്

| **അധ്യായം** 1 : അന്തരീക്ഷ പ്രതിഭാസങ്ങൾ |
|---|

**പഠനലക്ഷ്യങ്ങൾ** :

- അന്തരീക്ഷ സ്ഥിതിയിൽ മാറ്റങ്ങളുണ്ടാക്കുന്ന ഘടകങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുന്നതിന്.
- ഓരോ ഘടകവും ഏതു വിധത്തിലാണ് അന്തരീക്ഷത്തെ സ്വാധീനിക്കുന്നതെന്ന് തിരിച്ചറിയുന്നതിന്.
- കാലാവസ്ഥാമാറ്റങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം ബോധ്യപ്പെടുന്നതിന്.

| **പ്രമേയം** | **ആശയങ്ങൾ/ ധാരണകൾ** |
|---|---|
| ദിനാന്തരീക്ഷ സ്ഥിതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ. | • ഭൂമിയിലേക്ക് വരുന്ന സൗരവികിരണം പൂർണമായും ഭൗമോപരിതലത്തിൽ എത്തുന്നില്ല.<br>• ഹീറ്റ് ബജറ്റ്<br>• ഭൂമിയിലേക്ക് വരുന്ന സൗരവികിരണത്തിന്റെയും മടങ്ങിപ്പോകുന്ന ഭൗമവികിരണത്തിന്റെയും അളവിന്റെ സന്തുലനമാണ് ഹീറ്റ് ബജറ്റ്<br>• ഊഷ്മാവിനെക്കൂടാതെ അന്തരീക്ഷസ്ഥിതിയെ സ്വാധീനിക്കുന്ന മറ്റ് രണ്ട് ഘടകങ്ങളാണ് മർദവും ആർദ്രതയും.<br>• മർദ്ദം<br>• അന്തരീക്ഷമർദ്ദം എല്ലായിടത്തും ഒരുപോലെയല്ല അനുഭവപ്പെടുന്നത്.<br>• അന്തരീക്ഷ മർദത്തെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളുണ്ട്.<br>→ ഊഷ്മാവ്<br>→ ഉയരം<br>→ നീരാവി<br>• മർദമേഖലകൾ<br>• അന്തരീക്ഷ മർദത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ ആഗോളതലത്തിൽ വിവിധ മർദമേഖലകൾക്കു കാരണമാകുന്നു.<br>• കാലികമായി മർദ്ദമേഖലകൾക്കു മാറ്റം ഉണ്ടാകുന്നു.<br>• ആഗോളവാതങ്ങൾ<br>• മർദമേഖലകൾ ആഗോളവാതങ്ങൾക്കു കാരണമാകുന്നു.<br>→ വാണിജ്യവാതം<br>→ പശ്ചിമവാതം<br>→ ധ്രുവീയ വാതം |

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| വർഷണം | • കാലികവാതങ്ങൾ<br>• ഋതുഭേദങ്ങൾക്കനുസരിച്ച് സമുദ്രത്തിലും വൻകരയിലും ഉണ്ടാകുന്ന മർദത്തിന്റെയും ഊഷ്മാവിന്റെയും വ്യത്യാസം കാലികവാതങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു.<br>→ മൺസൂൺ വാതങ്ങൾ<br>• പ്രാദേശികവാതങ്ങൾ/അസ്ഥിരവാതങ്ങൾ<br>• ഇന്ത്യയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും നിരവധി പ്രാദേശിക വാതങ്ങളും അസ്ഥിരവാതങ്ങളും രൂപം കൊള്ളാറുണ്ട്.<br>• കാറ്റുകൾ<br>• ആർദ്രത<br>• അന്തരീക്ഷത്തിൽ എത്തിച്ചേരുന്ന നീരാവിയുടെ അളവാണ് ആർദ്രത.<br>• ബാഷ്പീകരണം വഴിയാണ് അന്തരീക്ഷത്തിൽ നീരാവിയെത്തുന്നത്.<br>• ഘനീകരണം<br>• നീരാവി ഘനീഭവിച്ച് വിവിധ രൂപങ്ങൾ കൈവരിക്കുന്നു.<br>→ dew<br>→ mist<br>→ fog<br>→ frost<br>→ clouds (മേഘങ്ങൾ)<br>എന്നിവ ഉണ്ടാകുന്നു<br>• മേഘങ്ങൾ ഘനീഭവിച്ച് വർഷണമുണ്ടാകുന്നു.<br>• വർഷണത്തിന്റെ വിവിധ രൂപങ്ങളാണ്.<br>- drizzle<br>- snow fall<br>- sheet<br>- hail<br>- rain fall<br>• മഴ<br>• വർഷണത്തിന്റെ പ്രധാന രൂപമാണ് മഴ<br>• രൂപം കൊള്ളുന്ന പ്രക്രിയയുടെ അടിസ്ഥാനത്തിൽ മഴയെ ചുവടെ ചേർക്കും പ്രകാരം തരം തിരിക്കാം.<br>→ orographic<br>→ convectional<br>→ Cyclonic<br>• മനുഷ്യ ജീവിതത്തിൽ മഴ ചെലുത്തുന്ന സ്വാധീനം അളവറ്റതാണ്. |

| **അധ്യായം 2 :** ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ |
|---|

**പഠനലക്ഷ്യങ്ങൾ :**

- ഭൂമിശാസ്ത്രത്തിലെ നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് ധാരണ നേടുന്നതിന്
- ഭൂമിശാസ്ത്ര വിശകലനത്തിൽ ഈ സാങ്കേതിക വിദ്യയുടെ പ്രയോജനത്തെക്കുറിച്ച് അറിവ് നേടുന്നതിന്.
- ഇന്ത്യയുടെ വാർത്താവിനിമയരംഗത്ത് വിദൂരസംവേദനത്തിന്റെ പങ്ക് തിരിച്ചറിയുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ | • ഭൂമിശാസ്ത്രപഠനത്തിന് വിവിധങ്ങളായ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.<br>• വിവിധതരം വിദൂര സംവേദനരീതികളെക്കുറിച്ച് ധാരണതേടുന്നതിന്.<br>  • ഭൂതലഛായാഗ്രഹണം<br>  • ആകാശീയ വിദൂര സംവേദനം<br>  • ഉപഗ്രഹ വിദൂര സംവേദനം<br>• ഭൂവിവരവ്യവസ്ഥ അതിന്റെ വിശകലന സാധ്യതകൾ, അവ പ്രയോജനപ്പെടുത്താവുന്ന മേഖലകൾ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്<br>• ജി.പി.എസ് സാങ്കേതിക വിദ്യയെക്കുറിച്ച് മനസിലാക്കുന്നതിന്.<br>• ഇന്ത്യയും ഉപഗ്രഹസാങ്കേതിക വിദ്യയും വാർത്താവിനിമയ രംഗത്ത് വിദൂരസംവേദനത്തിന്റെ പങ്ക് വിലയിരുത്തുന്നു. |

| **അധ്യായം 3 :** വൻകരകൾ |
|---|

**പഠനലക്ഷ്യങ്ങൾ :**

- യൂറോപ്പ്, ആഫ്രിക്ക, അന്റാർട്ടിക്ക, ഏഷ്യ എന്നീ വൻകരകളുടെ ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലം എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.
- ഇവയ്ക്ക് അവിടങ്ങളിലെ ജനജീവിതത്തിലുള്ള സ്വാധീനം തിരിച്ചറിയുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| വൻകരകളും, മാനവ ജീവിതവും.<br>ഏഷ്യൻ വൻകരയ്ക്ക് ഊന്നൽ നൽകുന്നു.<br>ഭൂപ്രകൃതി<br>കാലാവസ്ഥ<br>കാർഷിക വ്യാവസായ അനുബന്ധ പ്രവർത്തനങ്ങൾ | • ഓരോ വൻകരയ്ക്കും നിയതമായ സ്ഥാനമുണ്ട്. അക്ഷാംശ രേഖാംശ രേഖകളുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാനം നിർണയിക്കുന്നത്.<br>• ഭൂപ്രകൃതിയിൽ ഓരോ വൻകരയ്ക്കും ഏറെ വൈവിധ്യമുണ്ട്.<br>• ഓരോ വൻകരയുടെയും കാലാവസ്ഥയെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നു.<br>• ഭൂപ്രകൃതിയിലെയും, കാലാവസ്ഥയിലെയും വൈവിധ്യം ഈ വൻകരകളിലെ സസ്യവൈവിധ്യത്തിനു കാരണമാകുന്നു.<br>• ഓരോ വൻകരയിലെയും വിഭവവൈവിധ്യം തിരിച്ചറിയുന്നു. |

| **അധ്യായം 4** : ഇന്ത്യ - ഭൗതിക ഭൂമിശാസ്ത്രം |
|---|

**പഠനലക്ഷ്യങ്ങൾ** :

- ഇന്ത്യയുടെ ഭൂപ്രകൃതി, നദികൾ, കാലാവസ്ഥ, മണ്ണിനങ്ങൾ, സസ്യജാലങ്ങൾ എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.
- ഇവ തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയുന്നതിനും ഇവയ്ക്ക് ജനജീവിതത്തിലുള്ള സ്വാധീനം ബോധ്യപ്പെടുന്നതിനും.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ഇന്ത്യ - ഭൂപ്രകൃതി | • മനുഷ്യ ജീവിതത്തിൽ ഭൂപ്രകൃതി വിഭാഗങ്ങൾ നിർണായക സ്വാധീനം ചെലുത്തുന്നു.<br>• ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യമുള്ളതാണ്.<br>- ഉത്തരപർവത മേഖല<br>- ഉത്തരമഹാസമതലം<br>- ഉപദ്വീപീയപീഠഭൂമി<br>- തീരസമതലങ്ങളും ദ്വീപുകളും (കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങൾ)<br>• ഇന്ത്യയുടെ ഭൂപ്രകൃതി പരിണാമ പ്രക്രിയകളിലൂടെ രൂപപ്പെട്ടതാണ്.<br>• ഓരോ ഭൂപ്രകൃതി വിഭാഗത്തിനും തനത് സവിശേഷതകളുണ്ട്.<br>• ഇന്ത്യയിൽ തനത് സംസ്കാരം രൂപം കൊള്ളുന്നതിൽ ഭൂപ്രകൃതി വിഭാഗങ്ങൾക്ക് നിർണായകമായ പങ്കാണുള്ളത്. |
| ഇന്ത്യ - നദികൾ | • ഉത്തര പർവത മേഖലയിൽ നിന്ന് നിരവധി നദികൾ ഉത്ഭവിക്കുന്നുണ്ട്.<br>- ഹിമാലയൻ നദികൾ<br>- സിന്ധു, ഗംഗ, ബ്രഹ്മപുത്ര<br>• ഉപദ്വീപീയ മേഖലകളിൽ നിന്ന് അനേകം നദികൾ ഉത്ഭവിച്ച് കിഴക്കോട്ടും പടിഞ്ഞാറോട്ടും<br>ഒഴുകുന്നു.<br>- ഉപദ്വീപീയ നദികൾ<br>മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, നർമദ, താപ്തി കൂടാതെ (കേരളത്തിലെ നദികൾ)<br>• ഇന്ത്യൻ സംസ്കാരം രൂപപ്പെട്ടതിൽ നദികളുടെ പങ്ക് നിർണായകമാണ്.<br>• ഹിമാലയൻ നദികൾക്കും ഉപദ്വീപീയ നദികൾക്കും തനത് സവിശേഷതകൾ ഉണ്ട്. |
| ഇന്ത്യ - കാലാവസ്ഥ | • ഈ സവിശേഷതകൾ ആ പ്രദേശത്തെ ജനജീവിതത്തെ സ്വാധീനിക്കുന്നു.<br>• ഇന്ത്യയുടെ കാലാവസ്ഥയെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. |

| | |
|---|---|
| | – ഭൂപ്രകൃതി, അയനമാറ്റം, സമുദ്രസാമീപ്യം, അക്ഷാംശവ്യാപ്തി, കാറ്റുകൾ<br>• ഊഷ്മാവ്, മഴ എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യുടെ കാലാവസ്ഥയെ നാലായി തരംതിരിച്ചിരിക്കുന്നു.<br>– തെക്ക് – പടിഞ്ഞാറൻ മൺസൂൺ കാലം<br>• വടക്ക് – കിഴക്കൻ മൺസൂൺ കാലം<br>• ശൈത്യകാലം<br>• ഉഷ്ണകാലം<br>(ഋതുക്കളുടെ സവിശേഷതകൾ, പ്രാദേശിക കാലാവസ്ഥ പ്രതിഭാസങ്ങൾ)<br>• മഴയുടെ വിതരണത്തിൽ പ്രദേശങ്ങൾക്കനുസരിച്ച് ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു.<br>• മൺസൂൺ മഴയുടെ ലഭ്യതയിൽ കാണപ്പെടുന്ന ഏറ്റക്കുറിച്ചിൽ രാജ്യത്ത് വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും കാരണമാകുന്നു. |
| ഇന്ത്യ – മണ്ണിനങ്ങൾ | • ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തയിനം മണ്ണുകൾ കാണപ്പെടുന്നു.<br>– മണ്ണിനങ്ങൾ<br>– എക്കൽ മണ്ണ്, ചെമ്മണ്ണ്, ചെങ്കൽ മണ്ണ്, പർവത മണ്ണ്, മരുഭൂമി മണ്ണ്, കറുത്ത മണ്ണ്<br>• മണ്ണിന്റെ വിതരണം കാർഷിക വിളകളുടെ വിതരണത്തെ സ്വാധീനിക്കുന്നു. |
| ഇന്ത്യ-സസ്യജാലങ്ങൾ | • ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയ്ക്ക് അനുസൃതമായി ഇന്ത്യയിൽ വിവിധയിനം സസ്യജാലങ്ങൾ കാണപ്പെടുന്നു.<br>– ഇന്ത്യയിലെ പ്രകൃതി സസ്യജാലങ്ങൾ<br>– ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ<br>– പുൽമേടുകൾ<br>• കുറ്റിക്കാടുകളും മുൾച്ചെടികളും<br>• പർവത മേഖലാ വനങ്ങൾ |

**അധ്യായം 5** : ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം

**പഠനലക്ഷ്യങ്ങൾ :**

- ഇന്ത്യയുടെ വിഭവസമ്പത്തിനെക്കുറിച്ച് ധാരണ നേടുന്നതിനും ഇവയ്ക്ക് വ്യവസായ വികസനത്തിലുള്ള പങ്കിനെക്കുറിച്ച് ബോധ്യപ്പെടുന്നതിനും
- വ്യവസായവികസനവും നഗരവൽക്കരണവും ഇന്ത്യയിൽ വിവിധ ഗതാഗതമാർഗങ്ങളുടെ വളർച്ചയ്ക്ക് കാരണമായി എന്ന അവബോധം സൃഷ്ടിക്കുന്നതിന്.


https://www.freshersnow.com/category/govt-boards/board-syllabus/

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| മനുഷ്യനും വിഭവങ്ങളും | • ഇന്ത്യയുടെ കാർഷിക മേഖല വൈവിധ്യമാർന്നതാണ്.<br>• കാർഷികവൈവിധ്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത എന്നിവ.<br>• ഇന്ത്യയിലെ കാർഷികവിളകളെ ഭക്ഷ്യവിള, നാണ്യവിള, തോട്ടവിള എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.<br>• കാർഷിക ഉൽപ്പന്നങ്ങളും ധാതുക്കളും ഇന്ത്യയുടെ വ്യവസായ വികസനത്തിന് അടിത്തറ നൽകുന്നു.<br>• ഇന്ത്യയിൽ ഇരുമ്പുരുക്ക് വ്യവസായത്തിന്റെ സ്ഥാന നിർണയത്തെ നിരവധി ഘടകങ്ങൾ സ്വാധീനിക്കുന്നു.<br>• വ്യവസായവൽക്കരണവും നഗരവൽക്കരണവും വിവിധ ഗതാഗതമാർഗങ്ങളുടെ വികസനത്തിന് സഹായകരമായി. |

**അധ്യായം 6** : ഇന്ത്യ – മാനവിക ഭൂമിശാസ്ത്രം

**പഠനലക്ഷ്യങ്ങൾ :**

- ഇന്ത്യയിലെ ജനസംഖ്യാവിതരണത്തെക്കുറിച്ചും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ചും ധാരണ നേടുന്നതിന്
- ഇന്ത്യയിലെ ഗ്രാമീണ വാസസ്ഥലങ്ങളെക്കുറിച്ചും നഗരവാസസ്ഥലങ്ങളെക്കുറിച്ചും ധാരണ നേടുന്നതിനും അവയുടെ ഘടന, സവിശേഷതകൾ എന്നിവയെക്കുറിച്ച് മനസിലാക്കുന്നതിനും
- വ്യത്യസ്ത ആവശ്യങ്ങൾക്കായി കുടിയേറ്റം നടത്തുന്നുണ്ടെന്നും കുടിയേറ്റ രീതികളെക്കുറിച്ചും ധാരണ നേടുന്നതിന്

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ജനസംഖ്യാ വിതരണം | • ജനസംഖ്യ<br>• പ്രകൃതി വിഭവങ്ങളെപ്പോലെ തന്നെ രാഷ്ട്രപുരോഗതിയ്ക്ക് മനുഷ്യവിഭവങ്ങളെയും പ്രയോജനപ്പെടുത്താവുന്നതാണ്.<br>• ജനസംഖ്യ അമിതമാകുന്നതുപോലെ തന്നെ പ്രധാനമാണ് ജനസംഖ്യ തീരെ കുറയുന്നതും.<br>• ഭൂമുഖത്ത് ജനസംഖ്യാവിതരണത്തിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു.<br>• ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങൾ ഉണ്ട്.<br>– ഭൂപ്രകൃതി<br>– കാലാവസ്ഥ<br>–<br>• ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിലേയും ജനസാന്ദ്രത വ്യത്യസ്തമാണ്. |

| | |
|---|---|
| കുടിയേറ്റം<br><br>വാസസ്ഥലങ്ങൾ | • ഇന്ത്യയിൽ ജനസംഖ്യാ വളർച്ചാനിരക്കിൽ കാലികമായ മാറ്റം കാണപ്പെടുന്നു.<br>• ഇന്ത്യയിലെ ജനങ്ങളെ പ്രായഘടനയനുസരിച്ച് തരംതിരിച്ചിരിക്കുന്നു.<br>• രാജ്യത്തെ ജനസംഖ്യാഘടനയെ സ്വാധീനിക്കുന്ന ഒരു ഘടകമാണ് കുടിയേറ്റം.<br>• കുടിയേറ്റം നിരവധി ഫലങ്ങൾ ഉളവാക്കുന്നു.<br>• വാസസ്ഥലങ്ങൾ<br>• വാസസ്ഥലങ്ങളെ വ്യത്യസ്തതരത്തിൽ പരിഗണിക്കാവുന്നതാണ്.<br>– ഗ്രാമീണ വാസസ്ഥലം – നഗരവാസസ്ഥലം<br>– പ്രകൃതിയുടെ അടിസ്ഥാനത്തിൽ<br>– വലിപ്പക്രമത്തിന്റെ അടിസ്ഥാനത്തിൽ |

**അധ്യായം 7 :** ഒരൊറ്റ ഭൂമി

**പഠനലക്ഷ്യങ്ങൾ** :

- മനുഷ്യൻ പ്രകൃതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും ഇത് ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ ബാധിക്കുന്നുണ്ടെന്നുമുള്ള അവബോധം സൃഷ്ടിക്കുന്നതിന്.
- പരിസ്ഥിതി സംരക്ഷണ മാർഗ്ഗങ്ങളും ആവശ്യകതയും തിരിച്ചറിയുകയും, പാരിസ്ഥിതിക ദുരന്തങ്ങളും അവയുടെ ഫലങ്ങളും, നിവാരണ മാർഗ്ഗങ്ങളും മറ്റും മനസ്സിലാക്കുന്നതിനും.
- ഭൂമി ഒന്നു മാത്രമേ ഉള്ളു എന്ന ധാരണയോടെ പരിസ്ഥിതി മാനേജ്മെന്റ്, സുസ്ഥിരവികസനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് അറിവ് നേടുന്നതിനും ഇവയുടെ സമകാലിക പ്രസക്തിയെക്കുറിച്ച് ധാരണ നേടുന്നതിനും.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| ജൈവമണ്ഡലം<br><br>ആവാസവ്യവസ്ഥ | • ജൈവമണ്ഡലം<br>• ഭൂമിയിൽ മാത്രമാണ് ജൈവമണ്ഡലം കാണുന്നത്.<br>• ജൈവ–അജൈവ ഘടകങ്ങളുടെ പാരസ്പര്യമാണ് ജൈവ മണ്ഡലത്തെ നിലനിർത്തുന്നത്.<br>• സൂര്യാതപനം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനടിസ്ഥാനമായ ഊർജസ്രോതസാണ്.<br>• ആവാസവ്യവസ്ഥ.<br>• ഓരോ ആവാസവ്യവസ്ഥയെയും ബയോം എന്നറിയപ്പെടുന്നു.<br>• ഓരോ ബയോമുകളും വ്യത്യസ്ത തരത്തിലുള്ള ജീവജാലങ്ങളുടെ ആവാസകേന്ദ്രമാണ്.<br>• ഭൂമിയിലെ സമുദ്രങ്ങൾ, തടാകങ്ങൾ, നദികൾ, ഹിമാനികൾ എന്നിവ ഉൾപ്പെട്ടതാണ് ജലമണ്ഡലം. |

| | |
|---|---|
| കാർബൺ ചക്രം<br><br><br><br><br><br><br>പരിസ്ഥിതി പ്രശ്നങ്ങൾ<br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br><br>സുസ്ഥിര വികസനം | • അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവ് സന്തുലിതമായി നില നിർത്തുന്ന പ്രതിഭാസമാണ് കാർബൺ ചക്രം.<br>• കാർബൺ ഡൈ ഓക്സൈഡിന്റെ ക്രമാതീതമായ വർധനവ് സമുദ്രജലത്തിന്റെ അമ്ലവൽക്കരണത്തിന് കാരണമാകുന്നു.<br>• സമുദ്രജലത്തിലെ അമ്ലവൽക്കരണം നിരവധി പ്രത്യാഘാതങ്ങൾക്കു കാരണമാകുന്നു.<br>• സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം ആഗോളതാപനമാണ്.<br>• സ്വാഭാവിക അന്തരീക്ഷത്തിലെ വാതക സംരചനയിൽ ഉണ്ടാകുന്ന ഏതൊരു മാറ്റവും ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു.<br>അമ്ലമഴ<br>സ്മോഗ്<br>ആഗോളതാപനം<br>• വ്യത്യസ്ത തരത്തിലുള്ള ജീവജാലങ്ങളുടെ ആവാസകേന്ദ്രമാണ് ശിലാമണ്ഡലം.<br>• പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം ശിലാമണ്ഡലത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്നു.<br>• ശിലാമണ്ഡലത്തിലെ സൂക്ഷ്മജീവികളുടെ സാന്നിധ്യം ജീവജാലങ്ങളുടെ വിഘടനത്തിനും അതുവഴി ജൈവ സന്തുലിതാവസ്ഥ നില നിർത്തുന്നതിന് സഹായകമാകുന്നു.<br>• ശിലാമണ്ഡലത്തിൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതവും അശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ പല പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു.<br>– ജലസംഭരണികളുടെ നിർമാണം.<br>• ഭൂമി നമ്മുടെ പൈതൃക സ്വത്താണ്. വരും തലമുറകൾക്കായി നാം അതിനെ കൈമാറേണ്ടതുണ്ട്. |

**അധ്യായം 8 :** വികസനവും സമൂഹവും

**പഠനലക്ഷ്യങ്ങൾ :**

- സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിന്
- വളർച്ചയെയും വികസനത്തെയും സ്വാധീനിക്കുന്ന ഘടകങ്ങൾ കണ്ടെത്തുന്നതിന്
- വികസന നിലവാരത്തെ അടിസ്ഥാനമാക്കി ലോകരാഷ്ട്രങ്ങളെ തരംതിരിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്നതിന്
- വികസന സൂചികകളെ അടിസ്ഥാനമാക്കി രാഷ്ട്രങ്ങളെ താരതമ്യം ചെയ്യാൻ കഴിയും എന്ന ധാരണ നേടുന്നതിന്
- വികസന സൂചികകൾ മാറ്റത്തിന് വിധേയമാണ് എന്ന് കണ്ടെത്തുന്നതിന്.
- സുസ്ഥിര വികസന കാഴ്ചപ്പാടിനെ കുറിച്ച് ധാരണ നേടുന്നതിന്

- അമിത ചൂഷണത്തിനെതിരായ പരിസ്ഥിതി സംരക്ഷണ ഇടപെടലുകൾ നടത്തുന്നതിന്.
- വികസനത്തെ സംബന്ധിച്ച വ്യത്യസ്ത വീക്ഷണങ്ങൾ പരിചയപ്പെടുന്നതിനും വിലയിരുത്തുന്നതിനുമുള്ള ശേഷി നേടുന്നതിന്.
- പരിസ്ഥിതി സംരക്ഷണത്തിന് സാമൂഹ്യ ഇടപെടലിന്റെ പ്രാധാന്യം മനസിലാക്കുന്നതിന്.
- ജീവിതഗുണനിലവാരം എന്ന ആശയം മനസിലാക്കുന്നതിന്.
- സുസ്ഥിര വികസനത്തിന് വിഘാതമാകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് കണ്ടെത്തുന്നതിന്.
- സാമ്പത്തിക പ്രവർത്തനങ്ങളുടെ പാരിസ്ഥിതിക ആഘാതം ലഘൂകരിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| സാമ്പത്തികവളർച്ചയും , സാമ്പത്തികവികസനവും. | • സാമ്പത്തിക വളർച്ച<br>– സാധനസേവനങ്ങളുടെ ഉൽപ്പാദനത്തിൽ ഉണ്ടാവുന്ന വർധനവ്.<br>• സാമ്പത്തിക വികസനം<br>– സാമൂഹ്യവും സാമ്പത്തികവുമായ ഘടനയിൽ സംഭവിക്കുന്ന പരിവർത്തനം.<br>• സാമ്പത്തിക വളർച്ചയുടെയും വികസനത്തിന്റെയും അടിത്തറ വിഭവങ്ങളുടെ അളവും ഗുണവും വർധിക്കുന്നതാണ്.<br>• ചില രാജ്യങ്ങളിൽ താഴ്ന്ന സാമ്പത്തിക വളർച്ചയും വികസനവും നിലനിൽക്കുന്നതിന് നിരവധി കാരണങ്ങളുണ്ട്.<br>– വിഭവങ്ങളുടെ അഭാവം.<br>– ലഭ്യമായ വിഭവങ്ങൾ വിനിയോഗിക്കുന്നതിന് കഴിയാതിരിക്കുക.<br>• വികസന നിലവാരത്തെ അടിസ്ഥാനമാക്കി ലോക രാഷ്ട്രങ്ങളെ പൊതുവെ മൂന്നായി തിരിക്കാം.<br>– വികസിത രാഷ്ട്രങ്ങൾ<br>– വികസ്വര രാഷ്ട്രങ്ങൾ<br>– അൽപ്പ വികസിത രാഷ്ട്രങ്ങൾ<br>– വികസനത്തെ സംബന്ധിച്ച വിവിധ കാഴ്ചപ്പാടുകൾ നിലവിലുണ്ട്. |
| വികസന സൂചികൾ | • വികസന നിലവാരത്തെ മാനദണ്ഡമാക്കി ലോക രാഷ്ട്രങ്ങളെ താരതമ്യം ചെയ്യാവുന്നതാണ്.<br>• വികസന സൂചികകൾ<br>– പ്രതിശീർഷ വരുമാനം<br>– PQLI<br>– മാനവ വികസന സൂചിക<br>– മാനവ വികസന റിപ്പോർട്ട്/ഇന്ത്യയുടെ സ്ഥാനവും സാഹചര്യവും<br>– മാനവശേഷി സമീപനം (അമർത്യസെൻ)<br>– ഓരോ സൂചികയ്ക്കും മേന്മകളും പരിമിതികളുണ്ട്. |
| സുസ്ഥിരവികസനം | • സുസ്ഥിരവികസനം എന്ന ആശയത്തിന് പ്രാധാന്യം വർധിച്ചുവരുന്നു.<br>– സുസ്ഥിരവികസനം |

| | |
|---|---|
| | • ഭാവി തലമുറയുടെ ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയും വിധം പ്രകൃതി വിഭവങ്ങളെ വിനിയോഗിക്കുന്നു.<br>– പരിസ്ഥിതി സംരക്ഷണം<br>– സുസ്ഥിരവികസനം നേരിടുന്ന പ്രശ്നങ്ങൾ<br>• വിഭവങ്ങളുടെ അമിത ഉപഭോഗം നിരുൽസാഹപ്പെടുത്തേണ്ടതാണ്.<br>– ഇന്ത്യ<br>– കേരളം<br>• പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് സാമൂഹ്യ ഇടപെടൽ ആവശ്യമാണ്. |

**അധ്യായം 9 :** ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ വിവിധ മേഖലകൾ

**പഠനലക്ഷ്യങ്ങൾ** :

- വിവിധ തൊഴിലുകൾ ഉൾപ്പെടുത്തി സമ്പദ് വ്യവസ്ഥയെ 3 മേഖലകളാക്കി തിരിക്കാമെന്ന് കണ്ടെത്തുന്നതിന്
- ഓരോ മേഖലയുടെയും പ്രാധാന്യവും പരസ്പരബന്ധവും തിരിച്ചറിയുന്നതിന്
- പൊതുമേഖല, സ്വകാര്യമേഖല എന്ന വിഭജനത്തിന്റെ അടിസ്ഥാനം തിരിച്ചറിയുന്നതിന്
- സംഘടിത മേഖലയെയും അസംഘടിത മേഖലയെയും തിരിച്ചറിയുന്നതിന്
- അസംഘടിത മേഖലയിലെ പ്രശ്നങ്ങൾ സാമൂഹ്യ സാമ്പത്തിക പുരോഗതിയെ എങ്ങനെയെല്ലാം ബാധിക്കും എന്നന്വേഷിക്കുന്നതിന്.
- പ്രദേശത്തെ അടിസ്ഥാനപ്പെടുത്തി ഗ്രാമ-നഗര (Rural - Urban)

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| സമ്പദ് വ്യവസ്ഥയും വിവിധ മേഖലകളും | • ഉൽപ്പാദന പ്രവർത്തനങ്ങൾ സ്വഭാവത്തെ അടിസ്ഥാനമാക്കി മൂന്നായി തിരിക്കുന്നു.<br>– പ്രാഥമിക മേഖല (കാർഷിക മേഖല)<br>– കൃഷി<br>– മൃഗസംരക്ഷണം<br>– മത്സ്യ ബന്ധനം<br>• ദ്വിതീയമേഖല (വ്യാവസായിക മേഖല)<br>– നിർമാണം<br>– വ്യവസായം<br>• തൃതീയമേഖല (സേവന മേഖല)<br>– ബാങ്കിംഗ്<br>– കമ്മ്യൂണിക്കേഷൻ<br>– ഇൻഷുറൻസ്<br>– വിദ്യാഭ്യാസം |
| വിവിധ മേഖലകളുടെ പരസ്പര ബന്ധം | • ഈ മൂന്നു മേഖലകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.<br>• ഈ മൂന്ന് മേഖലകളിലുമായി ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ അളവാണ് മൊത്ത ആഭ്യന്തര ഉൽപ്പന്നം (GDP) |

| | |
|---|---|
| വിവിധ മേഖലകളും മൊത്ത ദേശീയ ഉൽപ്പന്നവും | • (GDP) യിലേക്ക് ഓരോ മേഖലയുടെയും സംഭാവനയിൽ (ആപേക്ഷിക പ്രാധാന്യം) വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു.<br>• സെക്ടറൽ കോൺട്രിബ്യൂഷൻ<br>– 1950 – 1990 ഇന്ത്യ, കേരളം<br>– 1990 – 2009 താരതമ്യം |
| സംഘടിത മേഖലയും അസംഘടിത മേഖലയും | • തൊഴിൽ സാധ്യത സർക്കാർ നിയന്ത്രണ സാധ്യത എന്നിവയെ അടിസ്ഥാനപ്പെടുത്തി തൊഴിലുകളെ രണ്ടായി തിരിക്കാം.<br>– സംഘടിതമേഖല<br>– അസംഘടിതമേഖല |
| അസംഘടിത മേഖലയും തൊഴിൽ സുരക്ഷയും | • വേതനത്തിൽ സ്ത്രീപുരുഷ അന്തരം നിലനിൽക്കുന്നതും കുറഞ്ഞ വേതന ഘടനയും അസംഘടിത മേഖലയുടെ മറ്റ് പ്രത്യേകതകളാണ്.<br>• ഉടമസ്ഥതയെ അടിസ്ഥാനമാക്കി ഉൽപ്പാദനപ്രവർത്തനങ്ങളെ വിവിധ മേഖലകളാക്കി തിരിക്കാം.<br>• പൊതുമേഖല<br>• സ്വകാര്യ മേഖല<br>• തൊഴിലുകൾ<br>• ഗ്രാമീണം<br>• നഗരം |

**അധ്യായം 10 :** പണവും ധനകാര്യസ്ഥാപനങ്ങളും

**പഠനലക്ഷ്യങ്ങൾ** :

- സാമ്പത്തിക പ്രവർത്തനങ്ങളിൽ പണം നിർവഹിക്കുന്ന ധർമങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുന്നതിന്.
- പണം ജനങ്ങളുടെ കൈവശമെത്തുന്നതിനെക്കുറിച്ച് ധാരണ നേടുന്നതിന്.
- ഒരു സമ്പദ്‌വ്യവസ്ഥയിൽ വിവിധതരം ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന ധാരണ നേടുന്നതിന്.
- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ വാണിജ്യ ബാങ്കുകൾ നിർവഹിക്കുന്ന പങ്ക് തിരിച്ചറിയുന്നതിന്
- ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ സ്വാശ്രയത്വം കൈവരിക്കുന്നതിന്റെ പങ്കിനെക്കുറിച്ച് മനസ്സിലാക്കുന്നതിന്
- ബാങ്കിംഗ് രംഗത്തെ ആധുനിക സങ്കേതത്തെക്കുറിച്ച് മനസിലാക്കുന്നതിന്.
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ധർമങ്ങളെയും ഇന്ത്യൻ ധനകാര്യ വ്യവസ്ഥയിൽ ആർ.ബി.ഐ. നിർവഹിക്കുന്ന ധർമങ്ങളെയും കുറിച്ച് മനസ്സിലാക്കുന്നതിന്
- ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ധാരണ നേടുന്നതിന്
- മൈക്രോ ഫിനാൻസിംഗിനെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- കേരളത്തിലെ ബാങ്കിംഗ് വ്യവസ്ഥയെക്കറിച്ച് മനസ്സിലാക്കുന്നതിന്

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| പണവും സമ്പദ്വ്യവസ്ഥയും | • പണം പൊതു വിനമയ മാധ്യമമായതോടെ അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമായി.<br>– ബാർട്ടർ സമ്പ്രദായത്തിന്റെ പരിമിതികൾ<br>– പണത്തിന്റെ ധർമങ്ങൾ<br>• ഒരു സമ്പദ് വ്യവസ്ഥയിൽ വിവിധ ഇനം ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>– ബാങ്കുകൾ<br>– ബാങ്കിംഗ് അല്ലാത്ത ധനകാര്യ സ്ഥാപനങ്ങൾ |
| സമ്പദ് വ്യവസ്ഥയും വാണിജ്യ ബാങ്കുകളും | • ജനങ്ങളുടെ കൈവശമെത്തുന്ന പണത്തെ നിയന്ത്രിക്കുന്നതിൽ വാണിജ്യ ബാങ്കുകൾ പ്രധാന പങ്ക് വഹിക്കുന്നു.<br>– വാണിജ്യ ബാങ്കുകൾ<br>– "ദേശസാൽക്കരണം"<br>– "ധർമങ്ങൾ<br>– " പ്രാധാന്യം. |
| സഹകരണ ബാങ്കുകളും ഗ്രാമീണ സമ്പദ് വ്യവസ്ഥയും | • വാണിജ്യ ബാങ്കുകൾക്കു പുറമെ മറ്റ് ബാങ്കുകളും ഇന്ത്യയിൽ പ്രവർത്തിക്കുന്നു.<br>– സഹകരണ ബാങ്കുകൾ<br>– സ്വകാര്യ ബാങ്കുകൾ |
| റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ബാങ്കിംഗ് മേഖലയും | • ഇന്ത്യയിലെ പണത്തിന്റെ അളവിനെയും വിവിധ ബാങ്കുകളുടെ പ്രവർത്തനത്തെയും നിയന്ത്രിക്കുന്നത് ഇന്ത്യയുടെ കേന്ദ്രബാങ്കാണ്. |
| ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ | • ബാങ്കുകൾക്കു പുറമെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും ഇന്ത്യയിൽ പ്രവർത്തിക്കുന്നു. |

**അധ്യായം** 11 : ആഗോളവൽക്കരണം

**പഠനലക്ഷ്യങ്ങൾ** :

- ആഗോളവൽക്കരണത്തിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- സ്വതന്ത്രവ്യാപാരം സംരംക്ഷിതവ്യാപാരം വിദേശവ്യാപാരം എന്നിവയെക്കുറിച്ച് ധാരണ നേടുന്നതിന്.
- ആഗോളവിപണിക്കായി നടന്ന ശ്രമങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്
- ആഗോളവൽക്കരണത്തെ സഹായിച്ച ഘടകങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- ആഗോളവൽക്കരണത്തിന്റെ സാധ്യതകൾ കണ്ടെത്തുന്നതിന്.
- 1990 കൾക്ക്ശേഷം ഇന്ത്യയിൽ നടപ്പിലാക്കിയ ഉദാരവൽക്കരണം സ്വകാര്യവൽക്കരണം തുടങ്ങിയവ ആഗോളവൽക്കരണത്തിന് സഹായകമായതെങ്ങനെ എന്ന് കണ്ടെത്തുന്നതിന്.
- ആഗോളവൽക്കരണംമൂലം ഇന്ത്യക്കുണ്ടായ നേട്ടങ്ങൾ തിരിച്ചറിയുന്നതിന്.
- ആഗോളവൽക്കരണം ഇന്ത്യയിലെ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിച്ചു എന്ന് വിലയിരുത്തുന്നതിന്.

| പ്രമേയം | ആശയങ്ങൾ/ ധാരണകൾ |
|---|---|
| 1990 കൾക്ക് ശേഷം ഇന്ത്യയുടെ സാമ്പത്തിക നയത്തിലുണ്ടായ മാറ്റം എങ്ങനെ ഉൽപ്പന്നവിപണിയെ സ്വാധീനിച്ചു. | • 1990 കൾക്ക് ശേഷം ഇന്ത്യയുടെ സാമ്പത്തിക നയങ്ങളിലുണ്ടായ മാറ്റങ്ങളുടെ ഫലമായി<br>- ഉൽപ്പന്നവിപണിയിൽ വിദേശ കമ്പനികൾ കൂടുതൽ പ്രകടവും സജീവുമായി.<br>- വിദേശ മൂലധന നിക്ഷേപത്തിനുള്ള നിയന്ത്രണങ്ങൾ കുറഞ്ഞു.<br>- ഇറക്കുമതി ഉദാരവൽക്കരിച്ചു. |
| ആഗോളവൽക്കരണം | - സ്വകാര്യവൽക്കരണം<br>- കയറ്റുമതിയിലൂന്നിയ സാമ്പത്തിക നയം |
| | • ആഗോളവൽക്കരണത്തിന്റെ ഭാഗമായി കമ്പോളവ്യവസ്ഥ കൂടുതൽ സ്വതന്ത്രവും, വ്യാപകവും ശക്തവുമായി. ഇതിന്റെ ഫലമായി<br>- വിദേശ മൂലധന നിക്ഷേപത്തിൽ |
| ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങൾ | - അന്താരാഷ്ട്ര വ്യാപാരത്തിൽ<br>- സാങ്കേതിക വിദ്യയുടെ രാജ്യാന്തര വിനിമയത്തിൽ |
| | • ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങൾ |
| ആഗോളവൽക്കരണം - പശ്ചാത്തലം | - അന്താരാഷ്ട്ര സംഘടനകളും അന്താരാഷ്ട്ര കരാറുകളും<br>- വിവര സാങ്കേതിക രംഗത്തുണ്ടായ വളർച്ച<br>- വാർത്താ വിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ<br>- ഗതാഗത രംഗത്തുണ്ടായ മാറ്റങ്ങൾ. |
| | • ആഗോളവൽക്കരണത്തിന്റെ ചരിത്ര പശ്ചാത്തലം<br>- വ്യാവസായിക വിപ്ലവവും മുതലാളിത്തത്തിന്റെ വളർച്ചയും<br>- മുതലാളിത്തം നേരിട്ട പ്രതിസന്ധികൾ<br>- ഉദാരവൽക്കരണം<br>- സ്വകാര്യവൽക്കരണം |
| ഉദാരവൽക്കരണം | • ഒരു സമ്പദ്‌വ്യവസ്ഥയുടെ പ്രവർത്തനത്തിലുള്ള സർക്കാർ നിയന്ത്രണങ്ങളും ഇടപെടലുകളും പരിമിതപ്പെടുത്തലാണ് ഉദാരവൽക്കരണം |
| സ്വകാര്യവൽക്കരണം | • ഒരു രാജ്യത്തിന്റെ സാമ്പത്തിക പ്രവർത്തനത്തിലുള്ള സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂട്ടുകയാണ് സ്വകാര്യവൽക്കരണം. |
| വിദേശമൂലധനം | • വിദേശ നിക്ഷേപം<br>- പ്രത്യക്ഷ വിദേശ നിക്ഷേപം<br>- പോർട്ട് ഫോളിയോ വിദേശ നിക്ഷേപം<br>- വിദേശ നിക്ഷേപവും ഓഹരിക്കമ്പോളവും |
| ബഹുരാഷ്ട്രക്കമ്പനികൾ | • ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് നിരവധി രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളാണ് ബഹുരാഷ്ട്രക്കമ്പനികൾ.<br>- മാതൃരാജ്യം വികസിത രാജ്യങ്ങൾ<br>- കൊളോണിയൽ ചൂഷണത്തിന്റെ പുതിയരൂപം<br>- വികസ്വര രാജ്യങ്ങളുടെ ആഭ്യന്തര നയങ്ങളിലുള്ള ഇടപെടൽ |
| അന്താരാഷ്ട്ര സംഘടനകൾ | • ലോകബാങ്ക്<br>- ലോക വ്യാപാര സംഘടന |

| | |
|---|---|
| ആഗോളവൽക്കരണം ഇന്ത്യയിൽ | - അന്താരാഷ്ട്ര നാണയനിധി<br>● 1990 കൾക്കു ശേഷമുള്ള ഇന്ത്യയുടെ സാമ്പത്തിക പരിഷ്കാര നടപടികൾ<br>- വ്യാവസായിക നയം<br>- വിദേശ വ്യാപാര നയം<br>- സ്വകാര്യവൽക്കരണം<br>- നികുതി പരിഷ്കാരങ്ങൾ<br>- കാർഷിക മേഖലയിലെ പരിഷ്കാരങ്ങൾ<br>- ധനകാര്യ മേഖലയിലെ പരിഷ്കാരങ്ങൾ |

**അധ്യായം 12 :** സമ്പദ്‌വ്യവസ്ഥയും സർക്കാരും

**പഠനലക്ഷ്യങ്ങൾ** :

- സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് സർക്കാരിന് ലഭിക്കുന്ന അവസരങ്ങൾക്കനുസരിച്ച് സമ്പദ്‌വ്യവസ്ഥകളെ മൂന്നായിതിരിക്കാം എന്ന ധാരണനേടുന്നതിന്.
- സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാരിനുണ്ടായിരുന്ന പങ്കിനെക്കുറിച്ച് ചരിത്രപരമായി വിലയിരുത്തുന്നതിന്.
- മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ പോലും സർക്കാർ ഇടപെടൽ വർധിച്ചുവരുന്നു എന്ന് തിരിച്ചറിയുന്നതിന്.
- ആസൂത്രണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന്.
- ആസൂത്രണവും ബജറ്റും സമ്പദ്‌വ്യവസ്ഥയിൽ സർക്കാർ നടത്തുന്ന ഇടപെടലുകളാണെന്ന് തിരിച്ചറിയുന്നതിന്.
- ഫെഡറൽ ഭരണ സംവിധാനത്തെക്കുറിച്ച് ധാരണ നേടുന്നതിന്.
- ഇന്ത്യയിലെയും കേരളത്തിലെയും ബജറ്റുകൾ താരതമ്യം ചെയ്ത് വരവിനങ്ങളും ചെലവിനങ്ങളും ഏതെല്ലാമെന്ന് കണ്ടെത്തുന്നതിന്.
- ലക്ഷ്യബോധത്തോടെ സർക്കാർ നടത്തുന്ന ഇടപെടലിലൂടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്താമെന്ന് തിരിച്ചറിയുന്നതിന്.
- പ്രാദേശിക സമ്പദ് വ്യവസ്ഥകൾ ശക്തിപ്പെടുത്തുന്നിനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിന്.

| **പ്രമേയം** | **ആശയങ്ങൾ/ ധാരണകൾ** |
|---|---|
| | ● സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് ഗവൺമെന്റിന് എത്രമാത്രം അവസരം/ സാധ്യത ലഭിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി സമ്പദ്‌വ്യവസ്ഥകളെ മൂന്നായി തിരിച്ചിരിക്കുന്നു.<br>- മുതലാളിത്ത സമ്പദ്‌വ്യവസ്ഥ<br>- സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ<br>- മിശ്ര സമ്പദ്‌വ്യവസ്ഥ<br><br>● ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടലിന്റെ ആവശ്യകത വർധിച്ചുവരുന്നു.<br>● ഇന്ത്യയിൽ ഫെഡറൽ സംവിധാനം നിലനിൽക്കുന്നത്.<br>- കേന്ദ്ര ഗവൺമെന്റ്<br>- സംസ്ഥാന ഗവൺമെന്റ്<br>- പ്രാദേശിക ഗവൺമെന്റ് |

| | |
|---|---|
| | ● ആസൂത്രണത്തിന്റെ അഭാവം പ്രതിസന്ധികൾക്ക് കാരണമാകുന്നു.<br>● മിശ്രസമ്പദ്‌വ്യവസ്ഥ നിലനിൽക്കുന്ന ഇന്ത്യയിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഗവൺമെന്റുകൾ വിവിധ രൂപത്തിൽ ഇടപെടുന്നു.<br>– ആസൂത്രണം<br>– പഞ്ചവത്സര പദ്ധതികൾ<br>– വികേന്ദ്രീകൃത ആസൂത്രണം<br>– ബജറ്റ്<br>● സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധതലത്തിലുള്ള ഗവൺമെന്റുകൾ വിവിധ നയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>– NREGS - RTE<br>– NRHM -<br>– PDS - |
| ഉയർന്ന ജീവിത ഗുണതയും ഗവൺമെന്റ് ഇടപെടലും | ● നേട്ടങ്ങൾ വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.<br>– നിരക്ഷരത നിലനിൽക്കുന്നു.<br>– അസമത്വം നിലനിൽക്കുന്നു.<br>– ആരോഗ്യരംഗത്ത് പ്രശ്നങ്ങൾ നിലനിൽക്കുന്നു.<br>● സാമ്പത്തിക പ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നതിലൂടെ ജനങ്ങളുടെ സാമൂഹ്യസാമ്പത്തികാവസ്ഥ മെച്ചപ്പെടുത്താൻ കഴിയും.<br>– വിദ്യാഭ്യാസ സൂചികകൾ<br>– ആരോഗ്യ സൂചികകൾ<br>● സാമൂഹ്യ ഇടപെടലിലൂടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ ശക്തിപ്പെടുത്താനാകും. |

# അനുരൂപീകരണം നടത്തിയ പാഠഭാഗങ്ങൾ

| യൂണിറ്റ് 1 – അന്തരീക്ഷ പ്രതിഭാസങ്ങൾ | |
|---|---|
| **മാറ്റം വരുത്തേണ്ട ഭാഗം/കുട്ടിക്ക് വിഷമമുള്ള ഭാഗം** | **പകരം നിർദ്ദേശിക്കുന്നു/കൂട്ടിച്ചേർക്കുന്നു** |
| • പേജ് 8 ലെ അന്തരീക്ഷ മർദം എന്ന ആശയം<br>• പേജ് 18 പ്രാദേശികവാതങ്ങൾ | • ചിത്രം (1.2), (1.3) ഇവയുടെ സഹായത്താൽ വിവരണം ഒഴിവാക്കി പ്രധാന ആശയങ്ങൾ ബുള്ളറ്റ് രൂപത്തിൽ അവതരിപ്പിക്കുന്നു.<br>• പ്രാദേശികവാതങ്ങൾ പട്ടികപ്പെടുത്തി നൽകുന്നു |
| **യൂണിറ്റ് 2 – ഭൂമിശാസ്ത്രത്തിലെ നൂതന സങ്കേതങ്ങൾ** | |
| • പേജ് 29 സ്പെക്ട്രൽ സിഗ്നേച്ചർ<br>• സ്പേഷ്യൽ റസല്യൂഷൻ പാളികൾ പേജ് 31<br>• പേജ് 32 സ്ഥാനീയ വിവരങ്ങളും – വിശേഷണങ്ങളും<br>• ഭൂവിവര വ്യവസ്ഥയുടെ – വിശകലന സാധ്യതകൾ<br>• പേജ് 33 ഓവർലേ വിശകലനം<br>• പേജ് 36 ശൃംഖലാവിശകലനം | • ഒഴിവാക്കുന്നു<br>• ആശയങ്ങൾ ബുള്ളറ്റുകളായി നൽകുന്നു.<br>• ഫ്ളോചാർട്ടിലൂടെ നൽകുന്നു.<br>• ആശയങ്ങൾ ബുള്ളറ്റ് രൂപത്തിൽ കൊടുക്കുന്നു. |
| **യൂണിറ്റ് 3 – വൻകരകൾ** | |
| • ഭൂപ്രകൃതി വിഭാഗങ്ങൾ (പേജ് 40)<br>• ഏഷ്യ<br>• ആഫ്രിക്ക<br>• യൂറോപ്പ് | • ഭൂപ്രകൃതി വിഭാഗങ്ങൾ ഭൂപടത്തിന്റെ സഹായത്തോടെ ബുള്ളറ്റ് പോയിന്റുകളാക്കി അവതരിപ്പിക്കുന്നു. ഐ.സി.ടി ഉപയോഗപ്പെടുത്തി ഓരോ വിഭാഗവും പരിചയപ്പെടുത്താം.<br>• പട്ടികാരൂപത്തിൽ പരിചയപ്പെടുത്തുന്നു. |
| **യൂണിറ്റ് 4 – ഇന്ത്യ – ഭൗതിക ഭൂമിശാസ്ത്രം** | |
| • ഇന്ത്യ – ഭൂപ്രകൃതി പേജ് 59<br>• ഇന്ത്യ – കാലാവസ്ഥ പേജ് 75 | • മാപ്പ് വർക്ക്, പട്ടിക, എന്നിവയോടൊപ്പം വിവിധ ഭൂപ്രകൃതി വിഭാഗങ്ങളുടെ സവിശേഷതകൾ ഫ്ളോചാർട്ട്, ചിത്രങ്ങൾ എന്നിവയിലൂടെ നൽകുന്നു.<br>• ശൈത്യകാലം<br>• ഉഷ്ണകാലം<br>• തെക്ക്, പടിഞ്ഞാറൻ മൺസൂൺകാലം<br>• വടക്ക്, കിഴക്കൻ മൺസൂൺ കാലം എന്നീ ആശയങ്ങൾ ബുള്ളറ്റുകളാക്കി നൽകണം |

| യൂണിറ്റ് 5 – ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം | |
|---|---|
| **മാറ്റം വരുത്തേണ്ട ഭാഗം/കുട്ടിക്ക് വിഷമമുള്ള ഭാഗം** | **പകരം നിർദ്ദേശിക്കുന്നു/കൂട്ടിച്ചേർക്കുന്നു** |
| • കാർഷിക കാലങ്ങൾ പേജ് 84<br>• വ്യവസായം പേജ് 92 | • പട്ടിക രൂപത്തിലാക്കുന്നു. ഭക്ഷ്യവിളകൾ, നാണ്യവിളകൾ, തോട്ടവിളകൾ ഭൂപടങ്ങൾ (5.1), (5.2), (5.3), (5.4), (5.5) എന്നിവയും പേജ് 94, 95 ലെ മാപ്പുകളും വിശകലനം ചെയ്യുന്നു.<br>• ബുള്ളറ്റ് രൂപത്തിലും ചിത്രരൂപത്തിലും ആശയങ്ങൾ നൽകുന്നു.<br>• ഫ്ളോചാർട്ടിലൂടെ പഠിപ്പിക്കുന്നു. |
| **യൂണിറ്റ് 6 – ഇന്ത്യ – മാനവിക ഭൂമിശാസ്ത്രം** | |
| • കുടിയേറ്റം പേജ് 108<br>കാരണങ്ങൾ<br>അനന്തരഫലങ്ങൾ<br>• വാസസ്ഥലങ്ങൾ പേജ് – 110 | • പ്രധാന ആശയങ്ങൾ ചെറിയ ബോക്സിലാക്കുന്നു.<br>ബുള്ളറ്റ് രൂപത്തിൽ നൽകുന്നു.<br>• പേജ് 113, പേജ് 111, ഫ്ളോചാർട്ട്, പട്ടിക എന്നിവ വിശകലനം ചെയ്യണം |
| **യൂണിറ്റ് 7 – ഒരൊറ്റ ഭൂമി** | |
| • ജൈവ മണ്ഡലം<br>ജലമണ്ഡലം<br>വായുമണ്ഡലം<br>എന്നീ വിവിധ മണ്ഡലങ്ങളിൽ മനുഷ്യന്റെ ഇടപെടൽ മൂലമുണ്ടായ പ്രത്യാഘാതങ്ങൾ | • ജൈവ, ജല, വായു മണ്ഡലത്തിൽ മനുഷ്യന്റെ ഇടപെടൽ മൂലം എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന ചിത്രങ്ങൾ, വീഡിയോകൾ, പത്ര കട്ടിങ്ങുകൾ എന്നിവ ഉപയോഗിച്ച് ലളിതമായ രീതിയിൽ കുട്ടികൾക്ക് നൽകണം. |
| **യൂണിറ്റ് 8 – വികസനവും സമൂഹവും** | |
| (മാറ്റം വരുത്തേണ്ടതില്ല) | |
| **യൂണിറ്റ് 9 – ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലെ വിവിധ മേഖലകൾ** | |
| • ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകൾ പേജ് 140, 141, 142, 143 എന്നീ ഭാഗങ്ങൾ<br>• മേഖലകളുടെ ഘടനാപരമായ മാറ്റം | • ബുള്ളറ്റ്, പട്ടിക, ബോക്സ്, ഫ്ളോചാർട്ട് എന്നിവയിലൂടെ അവതരിപ്പിക്കുന്നു.<br>• ഒഴിവാക്കണം. |

| യൂണിറ്റ് 10 – ഇന്ത്യ – പണവും ധനകാര്യസ്ഥാപനങ്ങളും | |
|---|---|
| **മാറ്റം വരുത്തേണ്ട ഭാഗം/കുട്ടിക്ക് വിഷമമുള്ള ഭാഗം** | **പകരം നിർദ്ദേശിക്കുന്നു/കൂട്ടിച്ചേർക്കുന്നു** |
| • പേജ് 147 ലെ പണത്തിന്റെ ധർമങ്ങൾ എന്ന ആശയം<br>• ബാങ്കുകൾ പേജ് 148 | • ഫ്ളോചാർട്ട് ആക്കി മാറ്റുന്നു.<br>• പട്ടിക (Table) രൂപത്തിലാക്കുന്നു. ആശയങ്ങൾ ബുള്ളറ്റ് രൂപത്തിലാക്കുന്നു |
| **യൂണിറ്റ് 11 – ആഗോളവൽക്കരണം** | |
| • ആഗോളവൽക്കരണം – പാഠഭാഗം മുഴുവനും | • പട്ടികകൾ, കുറിപ്പുകൾ, പത്രവാർത്തകൾ, പരസ്യങ്ങൾ, ചിത്രങ്ങൾ (ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്നിവയെക്കുറിക്കുന്ന ചിത്രങ്ങൾ) ഇവ ഉപയോഗിച്ച് പ്രധാന ആശയങ്ങൾ പോയിന്റുകളാക്കി നൽകണം. |
| **യൂണിറ്റ് 12 – സമ്പദ്‌വ്യവസ്ഥയും സർക്കാരും** | |
| (മാറ്റം വരുത്തേണ്ടതില്ല) | |